# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 491 — 11.06.2013-ൽ മറുപടിക്ക്

**മരണം, മാരകരോഗം എന്നിവ മൂലമുള്ള വായ്പാ ഇളവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പമന്ത്രി) |
| (എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തശേഷം മരണപ്പെടുന്നവരുടെ വായ്പകളിൽ ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ആയതുപ്രകാരം എന്തെല്ലാം ഇളവുകളാണ് ലഭ്യമാകുന്നത് ; വിശദമാക്കാമോ ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാദ്ധ്യത തുക എഴുതി തള്ളുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് മുഖേന 01.04.2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി നിബന്ധന പ്രകാരം മരണപ്പെട്ട ആളിന്റെ പേരിൽ നിലനിൽക്കുന്ന വായ്പയുടെ ഒന്നര ലക്ഷം രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതി തള്ളുന്നതാണ്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (ബി) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തശേഷം മാരകരോഗം ബാധിച്ചവർക്ക് ഏതെല്ലാം തരത്തിലുള്ള ഇളവ് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ? | (ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധിച്ച രോഗങ്ങൾ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതം വന്ന് ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നീ അഞ്ച് മാരകരോഗം ബാധിച്ചവരുടെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതി തള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**